ആത്മകഥ

# ഓർമയുടെ തീരങ്ങളിൽ

ഒ.പി അബ്ദുസ്സലാം മൗലവി



**ഓമശ്ശേരിയിലെ** അറിയപ്പെടുന്ന കർഷക കുടുംബത്തിലായിരുന്നു എന്റെ ജനനം. പിതാവ് വലിയ അറിവും അക്ഷരജ്ഞാനവുമൊന്നും നേടിയിരുന്നില്ല. പിതാവിന്റെ വല്യുപ്പ തികഞ്ഞ മതഭക്തനും സൂഫി മനഃസ്ഥിതിക്കാരനുമായിരുന്നു. അദ്ദേഹം പള്ളിയിൽ ഖുർആൻ ഓതാൻ ഏർപാട് ചെയ്തിരുന്നതായും പറഞ്ഞുകേട്ടിട്ടുണ്ട്.

പ്രസിദ്ധ പണ്ഡിതനും വാഗ്മിയും ജമാഅത്തെ ഇസ്‌ലാമി കേരള അമീറുമായിരുന്ന കെ.സി അബ്ദുല്ല മൗലവിയുടെ എളാപ്പയായിരുന്നു എന്റെ പിതാവ്. കെ.സിയുടെ വല്യുപ്പയും എന്റെ വല്യുപ്പ ചേക്കുട്ടിയും വിവാഹം കഴിച്ചത് കൊടുവള്ളിക്കടുത്ത പ്രാവിലെ കുന്നത്തുചാലിൽ തറവാട്ടിൽനിന്നാണ്. ഓമശ്ശേരിയിലേക്ക് വിവാഹം കഴിച്ചുകൊണ്ടുവന്ന വല്യുപ്പയുടെ കുടുംബവും കൊടിയത്തൂരിൽ താമസമാക്കിയ കെ.സിയുടെ വല്യുപ്പയുടെ കുടുംബവും രണ്ട് പ്രദേശത്തും പ്രസിദ്ധിയാർജിച്ച കുടുംബങ്ങളായിരുന്നു. 'കുന്നത്തുചാൽ' ഇസ്‌ലാമിക പാരമ്പര്യങ്ങളിലും വിജ്ഞാനത്തിലും അറിയപ്പെട്ട തറവാടായിരുന്നു. പണ്ഡിതന്മാരായിരുന്ന ബിച്ചോയി മുസ്‌ലിയാർ, അഹ്മദ് മുസ്‌ലിയാർ എന്നിവർ കുന്നത്തുചാൽ തറവാട്ടുകാരായിരുന്നു.

ഓമശ്ശേരിയിലെ ആദ്യത്തെ തുണിക്കട ഉപ്പയുടേതായിരുന്നു. നാട്ടിലെ പ്രശ്നങ്ങളിൽ മാധ്യസ്ഥം വഹിക്കുകയും സാധാരണക്കാരുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുകയും ചെയ്തിരുന്നു. പഠനകാര്യങ്ങളിൽ ഞങ്ങൾക്ക് വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ദൂരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പറഞ്ഞയക്കാൻ താൽപര്യം കാണിക്കുകയും ചെയ്തു.

നാൽപതുകളുടെ തുടക്കത്തിൽ പ്രദേശത്ത് സജീവമായ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെയും അമ്പതുകളോടെ സജീവമായ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും മുൻനിരകളിൽ ഉപ്പ പ്രവർത്തിച്ചിരുന്നു. സുന്നി-മുജാഹിദ്-ജമാഅത്ത് കക്ഷിഭേദമന്യേ 1952ൽ ഓമശ്ശേരിയിൽ തുടക്കമിട്ട ഖുവ്വതുൽ ഇസ്‌ലാം മദ്റസക്ക് ഉപ്പ സ്ഥലം വഖ്ഫ് ചെയ്തു കൊടുത്തു.

> നാട്ടിലെ ദീനീ സ്നേഹികളായ കാരണവന്മാർ ചേർന്ന് 1952ൽ ഖുവ്വത്തുൽ ഇസ്‌ലാം മദ്റസ എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങി. സുന്നി-മുജാഹിദ്-ജമാഅത്ത് വേർതിരിവുകളൊന്നുമില്ലാതെയായിരുന്നു അതിന്റെ തുടക്കം.

### ഓമശ്ശേരിയുടെ പഴയകാലം

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര പ്രദേശങ്ങളുടെ കവാടമാണ് ഓമശ്ശേരി. ആയിരത്തിലേറെ വർഷങ്ങൾക്കു മുമ്പ് ഇവിടെ സംഘടിതമായ രീതിയിൽ ജനവാസമുണ്ടായിരുന്നു എന്ന് ചരിത്ര രേഖകളിൽ കാണുന്നു. എന്നാൽ മലബാർ കലാപത്തോടനുബന്ധിച്ചുള്ള ചരിത്ര സംഭവങ്ങൾ മാത്രമേ പുതിയ തലമുറക്ക് അൽപമെങ്കിലും അറിയൂ. ബ്രിട്ടീഷ് പട്ടാളക്കാർക്കെതിരെ ഹിന്ദു- മുസ്‌ലിം സഹോദരങ്ങൾ ഒന്നിച്ചു പൊരുതിയതിന്റെ കഥകൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

1960കളിൽ തിരുവിതാംകൂറിൽനിന്നും കുടിയേറിയ ക്രിസ്ത്യൻ സഹോദരങ്ങളാണ് മലയോര മേഖലയിൽ ഭൂരിഭാഗവും. കൂമ്പാറ മുതൽ ചെമ്പുകടവ് വരെ വിശാ

ലമായി കിടക്കുന്ന മലയോര പ്രദേശങ്ങളിൽ അവരുടെ മത, സാംസ്കാരിക പ്രവർത്തനങ്ങളും സജീവമാണ്. കാർഷികരംഗത്ത് സജീവമായ ഈ മേഖലയിലെ വിദ്യാഭ്യാസ, ആതുര സേവനരംഗത്തെ ക്രിസ്ത്യൻ പങ്കാളിത്തവും വിലപ്പെട്ടതാണ്.

### പുരാതന ക്ഷേത്രം

ഓമശ്ശേരിയുടെ സാംസ്കാരിക പൈതൃകത്തിൽ തമിഴകത്തിന്റെ സ്വാധീനമുള്ളതായി കാണാം. മഹോദയപുരത്തെ കുലശേഖരന്മാരോളവും അതിനപ്പുറവും നീണ്ടുനിൽക്കുന്നതാണ് ആ ചരിത്രം. ഇതു തെളിയിക്കുന്ന വിഖ്യാതമായ ചരിത്ര സ്മാരകമാണ് പുത്തൂർ വില്ലേജിലെ ചോക്കൂർ ശ്രീരാമക്ഷേത്രം. ഇതിന്റെ പഴക്കം 1100 വർഷമാണെന്ന് കരുതുന്നു. ദേവദാസി സമ്പ്രദായത്തെക്കുറിച്ച് കേരളത്തിൽ കണ്ടെടുക്കപ്പെട്ട ആദ്യത്തെ രേഖ ചോക്കൂർ ശാസനമാണത്രെ. ഇവിടെ ചതുരാകൃതിയിലുള്ള ശിലാപാളിയിലാണ് ഈ ചരിത്രരേഖയുള്ളത്. കൊല്ല വർഷം 107 (എ.ഡി 932) ആണ് ഇതിന്റെ കാലമെന്ന് ചരിത്രകാരനായ ഇളംകുളം കുഞ്ഞൻ പിള്ള രേഖപ്പെടുത്തിയിട്ടുണ്ട് (*കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ*).

ബലിക്കൽ മണ്ഡപവും കരിമ്പാറയിൽ കൊത്തിയുണ്ടാക്കിയ നൃത്തമണ്ഡപവും കരിങ്കൽ പാളികൾ വിരിച്ച പ്ലാറ്റ്ഫോറവും വശങ്ങൾ പൊട്ടിയടർന്നുവീണ സാല ഭഞ്ജികളുടെ രൂപങ്ങളും ഇപ്പോഴും ഇവിടെ അവശേഷിക്കുന്നുണ്ട്.

'നങ്ങ'യെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശം ചോക്കൂർ രേഖയിലാണെന്ന് എം.ആർ രാഘവവാര്യരും രാജൻ ഗുരുക്കളും ചേർന്ന് രചിച്ച *കേരള ചരിത്രത്തിൽ* പറയുന്നുണ്ട്.

### മലബാർ കലാപവും ഓമശ്ശേരിയും

മലബാർ കലാപകാലത്ത് ബ്രിട്ടീഷ് പട്ടാളക്കാർ ഓമശ്ശേരിയിൽ വന്ന് മുസ്‌ലിംകളെ പീഡിപ്പിക്കുകയും ജയിലിലടക്കുകയും ചെയ്തിരുന്നു. പലരെയും വെടിവെച്ചുകൊന്നു. വല്യുമ്മയെയും ഉപ്പയുടെ ജ്യേഷ്ഠനെയും പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയി താമരശ്ശേരി പോലീസ് സ്റ്റേഷനിൽ ലോക്കപ്പിലിട്ടിരുന്നു. ഇവിടെനിന്നും രണ്ടു നാഴിക അകലെയുള്ള വേനപ്പാറയിലെ സ്വന്തം വയലിൽ നെല്ലു കൊയ്തു കൊണ്ടിരിക്കുമ്പോഴാണ് പട്ടാളക്കാർ അവരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയത്. ലഹളക്കാർക്ക് രഹസ്യങ്ങൾ ചോർത്തിക്കൊടുത്തു എന്നതായിരുന്നു കുറ്റം. വല്യുമ്മ (ഫാത്വിമ) ലോക്കപ്പ് മർദനങ്ങളെക്കുറിച്ചും മറ്റുമുള്ള അനുഭവകഥകൾ പറഞ്ഞുതരാറുണ്ടായിരുന്നു.

### പി.ടി അബൂബക്കർ മുസ്‌ലിയാർ

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അലയൊലികൾ ഈ പ്രദേശത്തും ഉണ്ടായിരുന്നു. അതിന്റെ നേതൃനിരയിൽ പ്രവർത്തിച്ചിരുന്നവരിൽ അടുത്ത പ്രദേശമായ നടമ്മൽ പൊയിൽ പാലക്കാംതൊടിക അബൂബക്കർ മുസ്‌ലിയാരും ഉണ്ടായിരുന്നു. വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിൽനിന്ന് ബിരുദമെടുത്ത ശേഷം പുതിയോത്ത് (അമ്പലക്കണ്ടി) പള്ളിയിൽ മുദർരിസും ഖാദിയുമായിരുന്നു അദ്ദേഹം. താമരശ്ശേരിയിലെ മുസ്‌ലിയാരകത്ത് കുടുംബമായിരുന്നു അദ്ദേഹത്തിന്റെ തറവാട്.

ബ്രിട്ടീഷ് പട്ടാളത്തിന്റെ പിടിയിൽപെടുമെന്ന് ഉറപ്പായപ്പോൾ വെല്ലൂരിലേക്ക് യാത്ര തിരിച്ച അദ്ദേഹത്തെ വഴിമധ്യേ പട്ടാളക്കാർ അറസ്റ്റ് ചെയ്തു. ബ്രിട്ടീഷ് കോടതി ആറു മാസത്തെ കഠിന തടവിനും വധശിക്ഷക്കും വിധിച്ചു. അതികഠിനമായ മർദനമുറകൾക്കിരയായ അദ്ദേഹം തടവുശിക്ഷ കഴിയുന്നതിനു മുമ്പേ 1922 ജൂലൈ 18ന് ജയിലിൽ വെച്ചു തന്നെ മരണപ്പെട്ടു.

ധാരാളം പേരെ അന്തമാൻ ദ്വീപിലേക്ക് നാടുകടത്തി. ചോലക്കൽ അബ്ദുല്ല മുസ്‌ലിയാർ അതിൽ പെട്ട വ്യക്തിയാണ്. പിന്നീട് അദ്ദേഹം തിരിച്ചുവന്ന് ചോലക്കൽ പള്ളിയിൽ ഖത്വീബായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

### ഒരു കൂട്ടുസംരംഭം

നാട്ടിലെ ദീനീ സ്നേഹികളായ കാരണവന്മാർ ചേർന്ന് 1952ൽ ഖുവ്വത്തുൽ ഇസ്‌ലാം മദ്‌റസ എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങി. സുന്നി-മുജാഹിദ്-ജമാഅത്ത് വേർതിരിവുകളൊന്നുമില്ലാതെയായിരുന്നു അതിന്റെ തുടക്കം. പൗര പ്രമുഖരായിരുന്ന കാക്കാട്ട് തറുവായി ഹാജി, എന്റെ ഉപ്പ പെരുമ്പോയിൽ മുഹമ്മദ് ഹാജി, അത്തിക്കോടൻ കണ്ടി കുട്ടി ഹസ്സനാജി, അമ്പ്രക്കാരായ പക്കർകുട്ടി ഹാജി, അമ്മോട്ടി, അയമ്മദ് കുട്ടി, പരിയേയി, കൊല്ലരു കണ്ടി ചേക്കുട്ടി, ആമ്പ്ര ഇത്താൽ തുടങ്ങിയവരായിരുന്നു അതിന്റെ മുന്നിലുണ്ടായിരുന്നത്.

കഴിയുന്ന സഹായങ്ങൾ ഓരോരുത്തരും നൽകി. കഠിനമായി പരിശ്രമിച്ചാണ് സ്ഥാപനം തുടങ്ങിയത്. എം.കെ കുട്ടി ഹസ്സനാജിയും കോറോത്തൊടിക കോയാമുട്ടിയും സാമ്പത്തികമായും മറ്റും വളരെയധികം സഹായിച്ചു. എ.കെ കുട്ടിഹസ്സനാജി പ്രസിഡന്റും ആമ്പ്ര ഇത്താൽ (ഇമ്മിക്ക) സെക്രട്ടറിയും എ.കെ അഹമ്മദ് കുട്ടി ഹാജി ട്രഷററുമായ കമ്മിറ്റിയായിരുന്നു മദ്‌റസ നടത്തിയിരുന്നത്. ജമാഅത്ത് ആശയക്കാരനായ വളാഞ്ചേരിയിലെ മുഹമ്മദ് മാസ്റ്ററായിരുന്നു പ്രധാന അധ്യാപകൻ. മതവിഷയങ്ങളോടൊപ്പം സ്കൂൾ വിഷയങ്ങളും ഇവിടെ വെച്ച് പഠിപ്പിച്ചിരുന്നത്. വിദ്യാഭ്യാസ രംഗത്ത് ആപേക്ഷികമായി പരിചയവും കാഴ്ചപ്പാടും ഉള്ളവർ ജമാഅത്തുകാരടക്കമുള്ള ഉൽപതിഷ്ണുക്കളായിരുന്നതുകൊണ്ട് അവരായിരുന്നു മുൻകൈയെടുത്ത് പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ കൂട്ടുസംരംഭത്തിന് അധികകാലം മുന്നോട്ടുപോകാനായില്ല. 'സമസ്ത'ക്കാർ പിരിയാൻ തീരുമാനിച്ചു. 'ഇവർ പഠിപ്പിക്കുന്നതും ഞങ്ങൾക്ക് പഠിക്കേണ്ടതും ഒന്നല്ല' എന്നായിരുന്നു അവരുടെ വാദം.

മുക്കം ഉണ്ണിമോൻക്ക, കൊടിയത്തൂർ ഖാദിയായിരുന്ന അബ്ദുൽ അസീസ് മൗലവി, മാനിപുരം കെ.വി മോയിൻ കുട്ടി ഹാജി എന്നിവരുടെ മധ്യസ്ഥതയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഇരുകൂട്ടരും വേർപിരിയാൻ തീരുമാനിച്ചു. സമസ്തക്കാർ 1953ൽ ഓമശ്ശേരി ടൗണിൽതന്നെ 'ഇസ്സത്തുൽ ഇസ്‌ലാം' എന്ന പേരിൽ മറ്റൊരു മദ്‌റസയുണ്ടാക്കുകയും ചെയ്തു.

### നവോത്ഥാന സംരംഭങ്ങൾ

ഓമശ്ശേരി പ്രദേശത്ത് പുരോഗമന പ്രവർത്തനങ്ങൾ സജീവമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ചിരുന്ന പാലക്കാം തൊടിക അബൂബക്കർ മുസ്‌ലിയാരുടെ മകൻ ഇബ്റാഹീം കുട്ടി മൗലവിയാണ് ഈ പ്രദേശത്ത് മുജാഹിദ് ആശയങ്ങൾക്ക് തുടക്കമിട്ടത്. വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിൽനിന്ന് ബിരുദം നേടിയ അദ്ദേഹം പുതിയോത്ത് ജുമാമസ്ജിദിൽ ഖുത്വ്ബ നിർവഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ പിതാവ് അബൂബക്കർ മുസ്‌ലിയാരുടെ മരണശേഷം ആ സ്ഥാനത്ത് തുടർന്നുവരുമ്പോഴാണ് മുജാഹിദ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കൂട്ടു പ്രാർഥന, ഖുനൂത്ത്, തറാവീഹ്, സ്ത്രീ പള്ളിപ്രവേശം, തവസ്സുൽ -ഇസ്തിഗാസ എന്നീ വിഷയങ്ങളിൽ യാഥാസ്ഥിതിക വീക്ഷണങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തത്. അതോടെ അദ്ദേഹത്തെ പുറത്താക്കി.

ശേഷം പുത്തൂർ കോമാക്കൽ പ്രദേശത്തെ നമസ്കാരപ്പള്ളിയിൽ പ്രവർത്തകരെ സംഘടിപ്പിച്ച് ഖുത്ബ ആരംഭിച്ചു. നാൽപതുദിവസം നീണ്ടുനിന്ന് പ്രസംഗ പരമ്പരയും നടത്തി.

അന്നത്തെ മുജാഹിദ് നേതാക്കളായ കെ.സി അബൂബക്കർ മൗലവി, ചേകനൂർ മൗലവി, വടകര ജമാലുദ്ദീൻ മൗലവി തുടങ്ങിയവരുടെ പ്രഭാഷണങ്ങളും ഈ പ്രദേശത്ത് നടന്നിട്ടുണ്ട്. നിരവധി സുന്നി-മുജാഹിദ് ഖണ്ഡന പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും ഓമശ്ശേരിയിൽ നടത്തിയിരുന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശ പ്രചാരണങ്ങളും അക്കാലത്തുതന്നെ ഇവിടെ എത്തിയിരുന്നു. വളാഞ്ചേരിക്കാരായ കിണ്ണം വിൽപനക്കാരിൽനിന്നാണ് *പ്രബോധനം* പത്രത്തെയും ജമാഅത്തിനെയും കുറിച്ച് അറിഞ്ഞത്.

മുജാഹിദ് ആഭിമുഖ്യം പുലർത്തുന്നവർ സുന്നീ ആശയങ്ങളെ തീവ്രമായി എതിർത്തുകൊണ്ട് പ്രഭാഷണങ്ങൾ നടത്തിയിരുന്നു. പ്രവർത്തനങ്ങളിലും ഇത് പ്രകടമായിരുന്നു. ഇ.കെ അബൂബക്കർ മുസ്‌ലിയാർ, വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാർ തുടങ്ങിയവർ മുജാഹിദുകൾക്കെതിരായും പ്രസംഗിച്ചിട്ടുണ്ട്.

പുതിയ പല കാര്യങ്ങളും അറിഞ്ഞിരുന്നത് കച്ചവടക്കാരായി എത്തുന്നവരിൽനിന്നും കോഴിക്കോട് നഗരത്തിൽ കച്ചവടസാധനങ്ങൾ വാങ്ങാൻ പോയി വരുന്നവരിൽ നിന്നുമൊക്കെയായിരുന്നു. വളാഞ്ചേരിക്കാരായ മമ്മുക്ക, മരക്കാർ തുടങ്ങിയവരിൽനിന്നാണ് മതപഠനത്തിന് കൂടുതൽ സൗകര്യങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് അറിയാൻ സാധിച്ചത്.

1952ൽ സ്ഥാപിതമായ ഖുവ്വത്തുൽ ഇസ്‌ലാം മദ്റസയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് കെ.വി മുഹമ്മദ് മാസ്റ്റർ ഞങ്ങൾക്ക് ഒരു ചെറിയ പരീക്ഷ നടത്തിയത്. ആ പരീക്ഷയിൽ ഞങ്ങൾ നാലു പേരാണ് വിജയിച്ചത്. എം.കെ അബ്ദുർറഹ്മാൻ തറുവായി, സി. മുഹമ്മദ്, എ.കെ അബ്ദുർറഹ്മാൻ എന്നിവരായിരുന്നു മറ്റു മൂന്ന് പേർ. കാസർകോട് ആലിയ കോളേജിൽ ഉപരിപഠനത്തിന് അയക്കാൻ യോഗ്യതയുള്ളവരെ കണ്ടെത്താനായിരുന്നു മുഹമ്മദ് മാസ്റ്റർ പരീക്ഷ നടത്തിയത്.

### അനുഭവസ്ഥർ പറഞ്ഞ കഥ

സാമ്പത്തികമായി വളരെ ദയനീയാവസ്ഥയിലായിരുന്ന അക്കാലത്ത് ഒരു മത സ്ഥാപനമോ പള്ളിയോ ഉണ്ടാക്കാൻ വല്ലാതെ പ്രയാസപ്പെട്ടിരുന്നു. ഉമ്മിക്ക എന്ന് വിളിക്കുന്ന ആമ്പ്ര ഇത്താൽ പറഞ്ഞ ഒരു സംഭവമുണ്ട്. നാട്ടിൽ എന്തെങ്കിലുമൊരു മതസ്ഥാപനം ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് വഅ്ള് പരമ്പര നടത്തുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് കച്ചവടക്കാരായി ഓമശ്ശേരിയിലെത്തിയ കമ്മുക്കയും മരക്കാരും കാശുവാങ്ങാതെ പ്രസംഗിക്കുന്നവരെക്കുറിച്ച് പറഞ്ഞത്. അതനുസരിച്ച് ഇത്താൽ സാഹിബും ആമ്പ്ര അയമ്മദ് കുട്ടിയും ശാന്തപുരം എന്ന പണ്ടത്തെ മുള്ള്യാകുർശിയിലേക്ക് പോയി. കെ.സി അബ്ദുല്ല മൗലവിയുടെ അടുത്ത് ചെന്ന് കാര്യങ്ങൾ പറയാനും തീയതി നിശ്ചയിക്കാനുമാണ് അവിടെ





ആമ്പ്ര ഇത്താൽ | എം.കെ അബ്ദുർറഹ്മാൻ തറുവായി | കെ.സി അബ്ദുല്ല മൗലവി

**ജീവിതത്തിൽ എന്നും പച്ചപിടിച്ചുകിടക്കുന്ന ഓർമകളാണ് ആലിയാ ജീവിതം. ആത്മാർഥതയും തഖ്‌വാ ബോധവും നിറഞ്ഞുനിന്നിരുന്ന അവിടത്തെ ഗുരുവര്യന്മാർ പൂർവസൂരികളെ അനുസ്മരിക്കുംവിധം മാതൃകാ പുരുഷന്മാരായിരുന്നു.**

നിന്ന് നിർദേശം കിട്ടിയത്.

അങ്ങനെ അവർ മൂര്യാട് കെ.സിയുടെ മരമില്ലിൽ ചെന്നു കണ്ടു. തീയതി ഉറപ്പിക്കുകയും കെ.സി അബ്ദുല്ല മൗലവി വരാമെന്നേൽക്കുകയും ചെയ്തു. തിരിച്ചുവരുമ്പോൾ കുന്ദമംഗലത്ത് ഇറങ്ങി ഭൂപതി മുഹമ്മദ് മൗലവിയെയും യു.കെ അബൂസഹ്‌ലയെയും കണ്ടു. പരിപാടി വളരെ ഭംഗിയായി നടന്നു. സ്പീക്കർ ഉപയോഗിച്ച് നടത്തിയ ഓമശ്ശേരിയിലെ ആദ്യത്തെ പ്രസംഗ പരമ്പരയായിരുന്നു അത്. കോഴിക്കോട് ജമാഅത്തിന്റെ വകയായിട്ടായിരുന്നു മൈക്ക്. സ്ത്രീകളോട്, 'ആരും തന്നെ ആഭരണങ്ങളൊന്നും അഴിച്ചു കൊടുക്കേണ്ടതില്ല' എന്ന് മൈക്കിലൂടെ പറഞ്ഞു. ഒരു പൈസ പോലും പിരിക്കാതെയാണ് ആ പ്രസംഗ പരമ്പര നടത്തിയത്. വഅ്ള് പറഞ്ഞ് പണവും വാങ്ങി പോകുന്ന അവസ്ഥയായിരുന്നു അന്ന് പൊതുവെ നിലവിലുണ്ടായിരുന്നത്.

1952 ആഗസ്റ്റ് 8ന് നടന്ന ഖുവ്വത്തുൽ ഇസ്‌ലാം മദ്റസ ഉദ്ഘാടനത്തിന് യു.കെ അബൂസഹ്‌ലയും ഭൂപതി മുഹമ്മദ് മൗലവിയുമൊക്കെ പങ്കെടുത്തിരുന്നു.

### പഠന യാത്ര

ഓമശ്ശേരി ഖുവ്വത്തുൽ ഇസ്‌ലാം മദ്റസയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രധാന അധ്യാപകനായിരുന്ന കെ.വി മുഹമ്മദ് മാസ്റ്റർ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ നാലു പേരെ കാസർകോട് ആലിയയിൽ പോകാൻ തെരഞ്ഞെടുത്തത് സൂചിപ്പിച്ചുവല്ലോ. ആലിയാ കോളേജിൽ പഠനത്തിനയക്കാൻ രക്ഷിതാക്കളും തയാറായി. അവർ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിച്ചു. സാമ്പത്തികം തന്നെയായിരുന്നു പ്രധാനം. കാപ്പിത്തോട് ശേഖരിച്ച് വിറ്റും പണ്ടങ്ങൾ പണയംവെച്ചുമൊക്കെയായിരുന്നു പണമുണ്ടാക്കിയത്.

അങ്ങനെ 26.6.1953ന് ഞങ്ങൾ നാലു പേർ ആലിയയിലേക്ക് പുറപ്പെട്ടു. അത്തിക്കോടൻ കണ്ടി അബ്ദുർറഹ്മാൻ, സി. മുഹമ്മദ്, എം.കെ അബ്ദുർറഹ്മാൻ തറുവായി എന്നിവരായിരുന്നു മറ്റു മൂന്നു പേർ. പുലർച്ചയോടു കൂടി ഞങ്ങൾ

കാസർക്കോട്ട് എത്തി. പ്രസിദ്ധമായ ചന്ദ്രഗിരിപ്പുഴ കടന്ന് ആലിയയിലെത്തി.

അന്ന് ആലിയയിൽ മുപ്പതോളം കുട്ടികളേ ഉണ്ടായിരുന്നുള്ളൂ. അബൂ ഇസ്ഹാഖ് ഇസ്മാഈൽ മൗലവി അന്ന് അവിടത്തെ സീനിയർ വിദ്യാർഥിയായിരുന്നു. ഓമശ്ശേരിയിൽ ക്ലാസ്സെടുക്കാൻ വരാറുണ്ടായിരുന്ന ഇദ്ദേഹം പിന്നീട് 'സമസ്ത'യുടെ പക്ഷം ചേരുകയാണുണ്ടായത്. കൂടാതെ പള്ളിക്കര പി.കെ അബൂബക്കർ, ചെമനാട് കെ.വി അബൂബക്കർ, എൻ മുഹമ്മദ് എന്നിവരൊക്കെ സീനിയർ വിദ്യാർഥികളായിരുന്നു. പ്രിൻസിപ്പൽ മുഹമ്മദ് ത്വാഹാ മൗലവി.

ഹോസ്റ്റൽ, ക്ലാസ്, ഡൈനിംഗ് ഹാൾ ഒക്കെ ഒരു മുറി തന്നെ. ശർക്കരപ്പായ വിരിച്ചാണ് ഉറങ്ങാൻ കിടക്കുക. കഞ്ഞിയും മത്തിയും ഒക്കെയായിരുന്നു ഭക്ഷണം. മതസ്ഥാപനങ്ങളെല്ലാം തന്നെ അന്ന് വളരെ പ്രയാസപ്പെട്ടാണ് നടന്നിരുന്നത്. ഇരിക്കൂറിലെ പി.സി മാമു ഹാജി (വി.എ കബീറിന്റെ പിതാവ്) യായിരുന്നു ആലിയയുടെ ഒരു പ്രധാന സഹായി. അദ്ദേഹം വരുന്ന ദിവസം പെരുന്നാൾ പ്രതീതിയായിരുന്നു. പുതിയ പ്ലേറ്റുകളും ഭക്ഷണ സാധനങ്ങളുമൊക്കെയായിട്ടായിരിക്കും അദ്ദേഹം വരിക. ഞങ്ങൾ ഉപയോഗിച്ചിരുന്ന പഴയ ഓട്ട വീണ ഇനാമൽ പ്ലേറ്റുകൾ അതോടെ അപ്രത്യക്ഷമാവും.

കുറ്റ്യാടിയിലെ ബാവാച്ചി ഹാജി, കളനാട്ടെ കുഞ്ഞിക്കലന്തർ ഹാജി എന്നിവരും ആലിയയെ ഉദാരമായി സഹായിച്ചവരായിരുന്നു.

ഒരിക്കൽ മാമു ഹാജിയോടൊപ്പം കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി സ്ഥാപക നേതാവായ വി.പി മുഹമ്മദലി ഹാജിയുമുണ്ടായിരുന്നു. മഗ്‌രിബിനു ശേഷം വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ ഹാജി സാഹിബ് അർഥഗർഭമായ ഒരു പ്രസംഗം നടത്തി. ഉമ്മത്ത് മുസ്‌ലിമയുടെ യഥാർഥ ഉത്തരവാദിത്വം എന്താണെന്ന് അതിമനോഹരമായി വിവരിക്കുന്നതായിരുന്നു ആ പ്രസംഗം.

ജീവിതത്തിൽ എന്നും പച്ചപിടിച്ചുകിടക്കുന്ന ഓർമകളാണ് ആലിയാ ജീവിതം. ആത്മാർഥതയും തഖ്‌വാ ബോധവും നിറഞ്ഞുനിന്നിരുന്ന അവിടത്തെ ഗുരുവര്യന്മാർ പൂർവസൂരികളെ അനുസ്മരിക്കുംവിധം മാതൃകാ പുരുഷന്മാരായിരുന്നു. മുഹമ്മദ് ത്വാഹാ ഉസ്താദ്, ഇസ്സുദ്ദീൻ മൗലവി, അറബി ശംനാട്, മേൽപറമ്പ് അഹ്മദ് ഉസ്താദ്, എം.ടി അബ്ദുർറഹ്മാൻ മൗലവി, വി. അബ്ദുല്ല ഉമരി, എൽ.കെ.സി ഉസ്താദ് ഇവരൊക്കെയായിരുന്നു ആലിയയിലെ അന്നത്തെ ഗുരുവന്ദ്യർ. ഇവരിൽ ആലിയയുടെ സ്ഥാപകനായ ഇസ്സുദ്ദീൻ മൗലവി സ്ഥാപന നടത്തിപ്പിനുള്ള പണമുണ്ടാക്കാനായി മിക്കപ്പോഴും യാത്രയിലായിരിക്കും. ■

(തുടരും)